**26.10.2023**

## KGBEU OU ബുള്ളറ്റിൻ 139 /2023

സഖാക്കളെ,

### വിഷയം: ക്ലറിക്കൽ ട്രാൻസ്ഫർ

കഴിഞ്ഞ വർഷം നടന്ന പ്രക്ഷോഭവുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെൻറ് നടപടികൾ പുരോഗമിക്കുകയാണ്. നമ്മുടെ ബാങ്കിൽ ക്ലറിക്കൽ കേഡറിൽ ഉള്ള നിരവധി ജീവനക്കാർ വിദൂര സ്ഥലങ്ങളിലാണ് ജോലി ചെയ്തു കൊണ്ടിരിക്കുന്നത്. റിക്രൂട്ട്മെൻറ് നടപടികൾ പൂർത്തീകരിച്ചു കഴിയുമ്പോൾ വിദൂരസ്ഥലങ്ങളിൽ ജോലിചെയ്യുന്ന ക്ലറിക്കൽ ജീവനക്കാർക്ക് പരമാവധി സൗകര്യപ്രദമായ തരത്തിൽ ട്രാൻസ്ഫർ നൽകണമെന്ന് നാം ചെയർമാനും GM ഉം ഉൾപ്പെടെയുള്ളവരോട് വളരെ നേരത്തെ തന്നെ ആവശ്യപ്പെടുകയും പരമാവധി അനുകൂലമായ തരത്തിൽ ട്രാൻസ്ഫർ നൽകുമെന്ന് നമുക്ക് ഉറപ്പു ലഭിക്കുകയും ചെയ്തതാണ്. ഈ വിഷയത്തിൽ തുടർ followup നാം നടത്തിവരികയായിരുന്നു. ഇന്നും മാനേജ്മെന്റുമായി സംസാരിക്കുകയും നമുക്ക് നേരത്തെ തന്ന ഉറപ്പ് അവർ ആവർത്തിക്കുകയും ചെയ്തു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)